## വിദേശത്തുനിന്നും തിരിച്ചെത്തിയ പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ഒരു കർമ്മപദ്ധതി

1. വിദേശത്തുനിന്നും മടങ്ങിയെത്തിയ മലയാളികളുടെ സ്ഥിതി-വിവരങ്ങളടങ്ങുന്ന ഒരു Data bank രൂപീകരിക്കുക.

2. വിദേശത്തുനിന്നും മടങ്ങിയെത്തിയ മലയാളികളുടെയും പ്രവാസി മലയാളികളുടെയും ക്ഷേമ-പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേി ഒരു Welfare Corporation രൂപീകരിക്കുക

3. വിദേശത്തുനിന്നും മടങ്ങിയെത്തിയ മലയാളികൾക്ക് തൊഴിൽ തുടങ്ങാൻ വേ Project തയ്യാറാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംവിധാനമുാക്കുക.

4. ദാരിദ്ര്യരേഖക്കു താഴെയുള്ള മടങ്ങിയെത്തിയ മലയാളികളെ സഹായിക്കാൻ ഒരു ക്ഷേമനിധിക്ക് രൂപം നൽകുക.

5. അപകടസുരക്ഷാ പദ്ധത (Accident Insurance Scheme) നടപ്പിലാക്കുക.

6. ചികിത്സാവശ്യങ്ങൾക്കായി ഇൻഷുറൻസ് കമ്പനികളുമായി ചേർന്ന് ഒരു (Medical Insurance) പദ്ധതി നടപ്പിലാക്കുക.

7. വിദേശയാത്രാവേളയിൽ എമിഗ്രേഷൻ ഫീസായി അടച്ച തുക വിദേശത്തുനിന്നും മടങ്ങിയെത്തിയവരുടെ *"ക്ഷേമ പുനരധിവാസപദ്ധതികൾ"* നടപ്പിലാക്കാൻ വേി ഉപയോഗിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

8. മടങ്ങിവന്ന മലയാളികൾ തൊഴിൽ കത്തൊൻവേി തുടങ്ങുന്ന സഹകരണസ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

9. വിദേശത്തു നിന്നും സ്ഥിരമായി മടങ്ങിവരുന്നവർ മടങ്ങിവരുമ്പോഴോ അതിനുശേഷമോ സ്വയം തൊഴിൽ ചെയ്യുന്നതിനും സേവനമേഖലകളിൽ തൊഴിൽസ്ഥാപനങ്ങൾ തുടങ്ങുന്നതിനും ആവശ്യമായ തൊഴിലുപകരണങ്ങളോ യന്ത്രസാമഗ്രികളോ (പത്തുലക്ഷം രൂപയ്ക്കു താഴെ വരുന്നവ) ഇറക്കുമതി ചെയ്യുന്നതിനു *തീരുവ ഇളവ്* അനുവദിക്കാൻ കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.

10. മടങ്ങിയെത്തിയ പ്രവാസി മലയാളികൾക്ക് വിദേശത്തെ തൊഴിലുടമകളിൽ നിന്നും ലഭിക്കേുന്നതായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേി ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

11. വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ വിധവകൾക്കും അവരുടെ ഉററവർക്കും തൊഴിലുടമകളിൽ നിന്ന് ലഭിക്കേുന്ന ആനുകൂല്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനു വേ സംവിധാനം ഏർപ്പെടുത്തുക.

12. വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് രക്ഷിതാക്കളോടൊപ്പം നാട്ടിലെത്തുന്ന വിദ്യാർത്ഥികൾക്ക് തുടർപഠന സൗകര്യം ഏർപ്പെടുത്തുക.

13. വ്യാജ റിക്രൂട്ടിംഗ് ഏജൻറുമാരാൽ കബളിക്കപ്പെട്ട് വിദേശത്ത് ജോലിയും മററു വരുമാന മാർഗ്ഗവും ഇല്ലാതെ കഷ്ടപ്പെടുന്നവരെ നാട്ടിലെത്തിക്കാൻ വേ നടപടി സ്വീകരിക്കുക.

14. വ്യാജ റിക്രൂട്ടിംഗ് ഏജൻറുമാരെ കത്തെി മാതൃകപരമായി ശിക്ഷിക്കുക.

15. റിക്രൂട്ടിംഗ് ഏജൻറുമാർ നൽകുന്ന വിസയുടെ നിജസ്ഥിതി അറിയാൻ സംവിധാനം ഏർപ്പെടുത്തുക.

16. വിദേശത്തു പോകുന്നവരേയും വിദേശത്തു നിന്നും മടങ്ങിയെത്തുന്നവരേയും സഹായിക്കാൻ പ്രധാന എയർപോർട്ടുകളിൽ Service Counter ആരംഭിക്കുക.

17. കുവൈററ് നഷ്ടപരിഹാരത്തിലേക്കുവേി അപേക്ഷ സമർപ്പിക്കാനുള്ള തീയതി ദീർഘിപ്പിച്ചു കിട്ടുന്നതിനു വേി കേന്ദ്ര സർക്കാർ മുഖേന ഡചഇ യിൽ സമർദ്ദം ചെലുത്തുക.

# പ്രവാസി ക്ഷേമത്തിനും പ്രവാസി നിക്ഷേപ സംരംഭങ്ങൾക്കും ഒരു കർമ്മപദ്ധതി

## 1. ഹ്രസ്വകാല പദ്ധതി

**കേരളസർക്കാർ നടപ്പാക്കത്.**

- സമവായം 2001 ലെ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന കർമ്മപദ്ധതികൾ നടപ്പാക്കുന്നതിനും മോണിററർ ചെയ്യുന്നതിനും സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും വിദേശമലയാളികളുടെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന രൂപീകരണം.

- നോർക്കയ്ക്ക് ലഭിക്കുന്ന പരാതികളുടെ കാര്യക്ഷമമായ മോണിട്ടറിംഗ്. പ്രവാസി മലയാളികൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധനൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകും. പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടത്തെ സജ്ജമാക്കും.

- വിദേശത്തുപോകുന്ന മലയാളികളെ നോർക്കയുടെ പരിധിയിൽ വരുന്ന ക്ഷേമപരിപാടികൾക്ക് അർഹരാക്കുന്നതിന് രജിസ്ട്രേഷൻ ആരംഭിക്കുക. താഴ്ന്ന വരുമാനക്കാരായ പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി പ്രവാസി സംഘടനകളുടെയും തിരികെ വന്ന പ്രവാസി മലയാളി സംഘടനകളുടെയും സംഭാവനകൾ ഉൾപ്പെടുത്തി ഒരു കോർപ്പസ് ഫ് ആരംഭിക്കും.

- പ്രവാസി മലയാളികൾക്ക് പെൻഷൻ പദ്ധതി– അംഗീകൃത നിരക്കുകൾ അനുസരിച്ചുള്ള വാർഷിക പ്രീമിയം അടയ്ക്കുന്നവർക്ക് നിശ്ചിത പെൻഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കും.

- പ്രവാസി മലയാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതികളായ പ്രവാസിസുരക്ഷ, വനിതാസുരക്ഷ എന്നിവ വിപുലീകരിക്കുക.

- അപകടം മുഖേനയല്ലാതെയുള്ള മരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുംവിധം നിലവിലുള്ള നിയമം ഭേദഗതി ചെയ്യുക.

- ക്യാൻസർ, ഹൃദയാഘാതം തുടങ്ങിയ രോഗങ്ങൾ വന്നവർക്ക് കൂടി അംഗവൈകല്യ പെൻഷൻ നൽകുന്നത് പരിഗണിക്കുക. (ഇപ്പോൾ ഇത് കൈകാലുകൾക്ക് അംഗഭംഗം വന്നവർക്കും, കാഴ്ചശക്തി നഷ്ടപ്പെട്ടവർക്കും മാത്രമേ ലഭിക്കുന്നുള്ളു.)

- കേരളത്തിലെ സർവ്വകാലശാലകളിൽ വിവിധ കോഴ്സുകൾക്കുള്ള പഠനം തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേിയുള്ള വിദൂരവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

- പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടും പിന്തുണയോടും പ്രൊഫഷണൽ കോഴ്സുകളിൽ സെൻേറഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കും.

* മെഡിക്കൽ സീററുകൾ, പ്രത്യേകിച്ചും പി.ജി. കോഴ്സുകൾക്കുള്ളത് വർദ്ധിപ്പിക്കുന്നത് പരിഗണിക്കുക.

* സ്വകാര്യകമ്പനികൾക്ക് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുന്നത് പരിഗണിക്കുക.

* യൂണിവേഴ്സിററികൾക്കും മററ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ആവശ്യമായ വെരിഫിക്കേഷൻ റിപ്പോർട്ട് വേഗത്തിൽ നൽകുന്നതിന് ഉതകുംവിധം നടപടിക്രമങ്ങൾ ലളിതമാക്കുക.

* കേരളത്തിൽ നിന്ന് യു. എ. ഇ. യിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുക.

* ഗൾഫ് മേഖലയിലേക്ക് വിദേശ വിമാനകമ്പനികളുടെ സർവ്വീസ് ആരംഭിക്കുന്നതിന് ശ്രമം നടത്തുക.

* സംസ്ഥാനത്ത് മുഴുവൻ പ്രവാസി ഇന്ത്യക്കാരുടെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ചാനലൈസിംഗ് ഏജൻസിയായി നോർകയെ മാററുക.

* കേരളത്തിലെ നിക്ഷേപ സാധ്യതകൾ കത്തെുന്നതിനും പ്രവാസി മലയാളികൾ സംസ്ഥാനത്തു നടപ്പാക്കുന്ന പ്രോജക്ടുകൾ വേഗത്തിൽ അനുമതി നൽകുന്നതിനുമായി ഉദ്യോഗസ്ഥരും പ്രമുഖരായ പ്രവാസി ഇന്ത്യാക്കാരും ഉൾക്കൊള്ളുന്ന നിക്ഷേപ ഉപദേശക ബോർഡ് രൂപീകരിക്കുക.

* പ്രവാസി മലയാളികൾ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിജയസാധ്യത പഠിക്കുകയും അവയ്ക്ക് ഏകജാലക സംവിധാനം വഴി അനുമതി നൽകുകയും ചെയ്യുക.

* നിക്ഷേപക സൗഹൃദപൂർണ്ണമായ തൊഴിൽ നയത്തിന് രൂപം നൽകുക.

* പ്രവാസി മലയാളികളിൽ നിന്നും ശേഖരിക്കുന്ന നിക്ഷേപത്തിൻെറ 20 ശതമാനമെങ്കിലും സംസ്ഥാനത്തെ പദ്ധതികൾക്ക് വായ്പ നൽകുന്നതിന് ഉപയോഗിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുക.

* സിംഗപ്പൂർ, ഹോംങ്കോംഗ് തുടങ്ങിയ രാജ്യങ്ങൾ കടലോര ടൂറിസം വികസിപ്പിച്ചെതെങ്ങിനെയെന്ന് പഠനം നടത്തുകയും നദീതീരങ്ങൾ, കായലോരങ്ങൾ, കടൽതീര മേഖലകൾ എന്നിവിടങ്ങളിലുള്ള ടൂറിസ വികസന പദ്ധതികളെ സഹായിക്കുംവിധം കോസ്റ്റൽ റെഗുലേഷൻ സോൺ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം ഇന്ത്യാ ഗവൺമെൻറുമായി ചർച്ച ചെയ്യുക.

* പുതിയ ടൂറിസം കേന്ദ്രങ്ങളായ കാപ്പാട്, വാഗമൺ, പാതിരാമണൽ, തെന്മല, അതിരപ്പള്ളി, മലബാർ മേഖല എന്നിവയുടെ വിനോദ സഞ്ചാര സാധ്യതകൾ വികസിപ്പിക്കുക.

* ഗൾഫ് മേഖലയിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നിരന്തരമായി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

* സംസ്ഥാനത്ത് ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഫീസിബിലിററി പഠനങ്ങളുടെ കോപ്പികൾ, കൺസൾട്ടൻറുമാരെകുറിച്ചുള്ള വിവരങ്ങൾ എന്നിവ നൽകി താൽപ്പര്യമുള്ള നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് നടപടിയെടുക്കുക.

* പ്രവാസി മലയാളികളുടെ പേരുകൾ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുക്കുക.

* സംസ്ഥാനത്ത് ഹൃസ്വസന്ദർശനം നടത്തുന്ന പ്രവാസി കേരളീയർക്ക് ടൈംഷെയർ അടിസ്ഥാനത്തിൽ താമസസൗകര്യം തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ലഭ്യമാക്കുക.

* പ്രവാസി മലയാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരാതികളിൽ പരിഹാര നടപടികൾ എടുക്കുന്നതിനും ഒരു വിദഗ്ദ്ധ സംഘം എല്ലാ വർഷവും ഗൾഫ് മേഘല സന്ദർശിക്കുക.

**ഇന്ത്യാഗവൺമെൻറ് നടപ്പാക്കേത്.**

* വിമാനനിരക്കിൽ അടിക്കടിയുള്ള വർദ്ധനയിൽ നിയന്ത്രണം വരുത്തുക.

* വിദേശങ്ങളിൽ മരണപ്പെടുന്ന മലയാളികളുടെ മൃതദേഹങ്ങൾ സൗജന്യമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എയർലൈൻസ്, എയർ ഇന്ത്യ എന്നിവയുമായി ചർച്ച നടത്തുക.

* കോഴിക്കോടിന് അന്താരാഷ്ട്ര വിമാനത്താവള പദവി നൽകുകയും രാത്രി വിമാനം ഇറക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

* അടിയന്തര സ്വഭാവമുള്ളതുൾപ്പെടെ എല്ലാ പാസ്പോർട്ടുകളും പുതുക്കുന്നതിനുള്ള ഫീസ് നിരക്ക് കുറയ്ക്കുക.

* വിദേശ ഇന്ത്യാക്കാർ തങ്ങൾ തൊഴിൽ ചെയ്യുന്ന രാജ്യങ്ങളിൽ നേരിടുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും സഹാനുഭൂതിയോടെ കൈകാര്യം ചെയ്യുന്നതിനും വേഗത്തിൽ പരിഹരിക്കുന്നതിനും ഉള്ള നടപടികളെക്കുറിച്ച് ഇന്ത്യാഗവൺമെൻറുമായി ചർച്ച ചെയ്യുക.

* പരാതികൾ വേഗം പരിഹരിക്കുന്നതിന് ലേബർ അററാഷെ, പ്രധാനപ്പെട്ട സംഘടനാ പ്രതിനിധികൾ എന്നിവർ ഉൾക്കൊള്ളുന്ന കോ–ഓർഡിനേഷൻ സെല്ലിന് രൂപം നല്കുക.

* തൽപരരായ തൊഴിൽദായകരുടെ അവകാശവാദങ്ങളും നിജസ്ഥിയും അവർ നൽകുന്ന വിസയുടെ വാസ്തവികതയും പരിശോധിക്കുന്നതിന് വിദേശ എംബസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം ഇന്ത്യ ഗവൺമെൻറുമായി ചർച്ച നടത്തുക.

* വീട്ടുജോലിക്കാരുടെ സ്പോൺസർമാരോട് അവരുടെ സേവനവ്യവസ്ഥകളെപററിയും കോൺട്രാക്ട് അവസാനിപ്പിക്കുമ്പോഴുള്ള പുനരധിവാസത്തെ പററിയും എമിഗ്രേഷൻ ക്ളിയറൻസ് നൽകുന്നതിന് മുമ്പ് എംബസികൾ ചർച്ച നടത്തി സമ്മതിപത്രം വാങ്ങുക.

* അധികൃതരുമായി ചർച്ച നടത്തി വിസാ കാലവധി കഴിഞ്ഞുള്ള തങ്ങൽ, വിസാവ്യവസ്ഥകളുടെ ലംഘനം തുടങ്ങിയ ക്രിമിനൽ സ്വഭാവമില്ലാത്ത കുററകൃത്യങ്ങൾ മൂലം ജയിൽവാസ മനുഭവിക്കുന്നവരെ മോചിപ്പിക്കുക.

* പ്രവാസി കേരളീയരുടെ പേരുകൾ വോട്ടർപട്ടികയിൽ ചേർക്കുന്നതിന് ഇന്ത്യാ ഗവൺമെൻറുമായി ചർച്ച ചെയ്യുക.

* പ്രവാസി മലയാളികൾക്ക് ഇരട്ട പൗരത്വാവകാശം നൽകുന്നതിനെകുറിച്ച് ഇന്ത്യഗവൺമെൻറുമായി ചർച്ച നടത്തുക.

* വിദേശ ഇന്ത്യാക്കാർക്ക് നിയമനിർമാണസഭകളിൽ പ്രാതിനിധ്യം നൽകുന്ന കാര്യങ്ങൾ പരിഗണിക്കുക.

* സെൻസസ് ലിസ്റ്റിൽ പ്രവാസികളുടെ പേര് ഉൾപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ സെൻസസ് ആക്ടിൽ ഭേദഗതി വരുത്തുക.

* ഗൾഫ് മേഖലയിൽ പരീക്ഷയെഴുതുന്ന ദക്ഷിണേന്ത്യൻ വിദ്യാർത്ഥികൾക്കുള്ള സിലബസ് ബാധകമാക്കുന്നതിന് സി.ബി.എസ്.സിയുമായി ചർച്ച നടത്തുക.

* സ്വയം തൊഴിൽ നേടാനാഗ്രഹിക്കുന്ന സംരംഭകർക്ക് ക്യാപിററൽ എക്യൂപ്മെൻറുകൾ ഡ്യൂട്ടി ഒഴിവാക്കി ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യാ ഗവൺമെൻറുമായി ചർച്ച ചെയ്യുക.

* സ്വയം തൊഴിൽ നേടാനാഗ്രഹിക്കുന്ന സംരംഭകർക്ക് യന്ത്രസാമഗ്രികൾ ഡ്യൂട്ടി ഒഴിവാക്കി ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യാ ഗവൺമെൻറുമായി ചർച്ച ചെയ്യുക.

**ദീർഘകാല നടപടികൾ**

കേരളസർക്കാർ നടപ്പാക്കേത്

* വിദേശത്തു നിന്ന് തിരിച്ചെത്തുന്ന മലയാളികളുടെ പുനരധിവാസത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

* ഗൾഫ് പ്രവാസി മലയാളികളുടെ ഉപയോഗത്തിനായി എമിഷേൻ നിയമങ്ങളെക്കുറിച്ചുള്ള മാർഗരേഖകൾ ഉൾക്കൊള്ളുന്ന കൈപ്പുസ്തകം തയ്യാറാക്കുക.

* ആവശ്യാനുസരണം വിദ്യാഭ്യാസ സർട്ടിഫിക്കററുകൾ ഓൺലൈനിലൂടെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉാക്കുക.

* പ്രവാസി മലയാളികളുടെ നാട്ടിലുള്ള ആശ്രിതരുടെ പരിചരണത്തിനും താമസത്തിനുമായി ഹെറിറേറജ് ഹോമുകൾ ആരംഭിക്കുക. (ആദ്യഘട്ടമായി പ്രവാസി മലയാളികളുടെ സജീവ പങ്കാളിത്തത്തോടെ ഓരോ ജില്ലയിലും ഒരണ്ണമെങ്കിലും തുടങ്ങനാണ്ഉദ്ദേശിക്കുന്നത്.)

* ചെറിയൊരു ഫീസ് ഈടാക്കി പ്രവാസി മലയാളികളുടെ കുടുംബങ്ങൾക്ക് വ്യക്തിപരമായി സേവനങ്ങൾ ലഭ്യമാക്കുക.

* പ്രവാസി മലയാളികൾക്ക് നിക്ഷേപസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഒരു മ്യൂച്ചൽഫ് ആരംഭിക്കുക.